# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.07/PR/PIC/PHQ/17    Date : 13.01.2017

---

## കേസുകളിൽ വകുപ്പു ചുമത്തുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തണം- സംസ്ഥാന പോലീസ് മേധാവി

വീടുകളിലോ ഓഫീസുകളിലോ അതിക്രമിച്ച് കടക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ പോലീസുദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 451, 452 വകുപ്പുകൾ യാന്ത്രികമായി ചുമത്തുന്നത് സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിലാണ് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചത്.

ആയുധം കൈയ്യിൽ കരുതാതെയും മുൻകൂട്ടി ആസൂത്രണം ചെയ്യാതെയും ഒരാളുടെ വീട്ടിലോ സ്ഥാപനങ്ങളിലോ അതിക്രമിച്ച് കടക്കുന്നത് ഇന്ത്യൻ ശിക്ഷാ നിയമം 451-ാം വകുപ്പ് പ്രകാരമുള്ള കുറ്റമാണ്. ജാമ്യം കിട്ടുന്നതും ഇരു കക്ഷികളും തമ്മിൽ ഒത്തുതീർപ്പാക്കാവുന്നതും പരമാവധി രണ്ട് വർഷം തടവു ശിക്ഷ മാത്രം കിട്ടാവുന്നതുമാണ് ഈ വകുപ്പ്. ഇതിനു പകരം ജാമ്യം ലഭിക്കാത്തതും കുറ്റാരോപിതന് ഒത്തുതീർപ്പിന് അവസരം ലഭിക്കാത്തതുമായ 452-ാം വകുപ്പ് ചേർത്ത് ഇത്തരം കുറ്റങ്ങളിൽ കേസ്സെടുക്കാൻ പാടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. വകുപ്പുകൾ ചുമത്തുമ്പോൾ വിശദമായ അന്വേഷണം നടത്തി ബോധ്യപ്പെട്ടതിനുശേഷം മാത്രമേ എസ്.എച്ച്.ഒ.മാർ വകുപ്പ് നിശ്ചയിക്കാൻ പാടുള്ളൂവെന്നും സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കി.

*********